**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1969** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ പോലീസ് ഭക്ഷണശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ പ്രവർത്തിച്ചിരുന്ന പോലീസ് ഭക്ഷണശാലകൾ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജില്ലയിൽ നിലവിൽ ഏതെങ്കിലും പോലീസ് ഭക്ഷണശാലകൾ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | പ്രവർത്തിക്കുന്നില്ല. |
| (സി) | മറ്റ് ജില്ലകളിൽ പോലീസ് ഭക്ഷണശാലകൾ പ്രവർത്തിക്കുന്നുണ്ടോ; | (സി) | പൊതുജനങ്ങൾക്കായി പോലീസ് ഭക്ഷണശാലകൾ പ്രവർത്തിക്കുന്നില്ല. |
| (ഡി) | ഇടുക്കി ജില്ലയിൽ മാത്രം പോലീസ് ഭക്ഷണശാലകൾ നിർത്തിവയ്ക്കാനിടയായ സാഹചര്യം വിശദമാക്കാമോ? | (ഡി) | ഇടുക്കി ജില്ലയിൽ കട്ടപ്പന, നെടുംകണ്ടം, മൂന്നാർ, അടിമാലി, തൊടുപുഴ എന്നീ പോലീസ് സ്റ്റേഷനുകളോട് അനുബന്ധിച്ച് പോലീസ് ഭക്ഷണശാലകൾ പ്രവർത്തിച്ച് വന്നിരുന്നു. പോലീസുദ്യോഗസ്ഥർ അവരുടെ കൈയ്യിൽ നിന്നും പണം നൽകിയും ജില്ലാ പോലീസ് സൊസൈറ്റിയിൽ നിന്നും വലിയ തുക ലോൺ എടുത്തുമാണ് പ്രസ്തുത ഭക്ഷണശാലകളുടെ പ്രവർത്തനം ആരംഭിച്ചത്. പോലീസ് ഉദ്യോഗസ്ഥർക്ക് വേണ്ടി മാത്രമായി പ്രവർത്തനമാരംഭിക്കുകയും പിന്നീട് പൊതുജനങ്ങൾക്കും കൂടി പ്രവേശനം അനുവദിക്കുകയും ചെയ്ത ഈ ഭക്ഷണശാലകളിൽ പോലീസുദ്യോഗസ്ഥർ തന്നെ മഫ്ടിയിൽ ജോലി നോക്കിയിരുന്നു. ഇവരുമായി പൊതുജനങ്ങൾ തർക്കത്തിൽ ഏർപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും അതിനെ തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം എറണാകുളം റേഞ്ച് ഡി.ഐ.ജി ചെയർമാനായി റെയിൽവേ എസ്.പി, ഐ.ആർ ബറ്റാലിയൻ കമാണ്ടന്റ് എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിനെ തുടർന്ന് ജില്ലയിലെ എല്ലാ പോലീസ് ഭക്ഷണശാലകളും പ്രവർത്തനം നിർത്തി വച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ